**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2846** **19.06.2014-ലെ മറുപടിക്ക്**

## ഒറ്റപ്പാലം താലൂക്കിലെ മിച്ചഭൂമി

**ചോദ്യം**
**ശ്രീ.എം.ഹംസ**

**മറുപടി**
**ശ്രീ.അടൂർപ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം താലൂക്കിൽ എത്ര ഏക്കർ സ്ഥലം മിച്ചഭൂമിയായി കണ്ടെത്തിയിരുന്നു; ഏതെല്ലാം വില്ലേജുകളിൽ; ഓരോ വില്ലേജിലും എത്ര ഏക്കർ സ്ഥലമാണ് കണ്ടെത്തിയിരുന്നത്; വിശദാംശം ലഭ്യമാക്കമോ; | (എ) | ഒറ്റപ്പാലം താലൂക്കിൽ 21.68 ഏക്കർ മിച്ചഭൂമിയായി കണ്ടെത്തിയിട്ടുണ്ട്; വില്ലേജുകൾ തിരിച്ചുള്ള വിശദാംശം അനുബന്ധം 'എ' യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | മിച്ചഭൂമിയാണെന്ന് കണ്ടെത്തിയിട്ടും സ്ഥലം ഉടമ ഭൂമി വിട്ടുനൽകാത്ത കേസുകൾ ഉണ്ടോ; ഏതെല്ലാം വില്ലേജിൽ; ഭൂമി സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | ഇത്തരം കേസുകൾ ഇല്ല. |
| (സി) | ഒറ്റപ്പാലം താലൂക്കിൽ മിച്ചഭൂമി സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട്; വിശദാംശവും കാലിക സ്ഥിതിയും വിശദീകരിക്കാമോ? | (സി) | ഒറ്റപ്പാലം താലൂക്കിൽ മിച്ചഭൂമി സംബന്ധിച്ച 33 കേസുകൾ ഉള്ളതിൽ ഒരെണ്ണം ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലും 6 എണ്ണം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. ബാക്കി 26 കേസുകളിൽ ലാന്റ് ബോർഡ് മുമ്പാകെ വിചാരണ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 'എ'

| വില്ലേജ് | വിസ്തൃതി (ഏക്കർ) | റിമാർക്സ് |
|---|---|---|
| തിരുമിറ്റക്കോട്-1 | 14.41 | ഇതിൽ 2.4737 ഹെക്ടർ (6.11 ഏക്കർ) സ്ഥലം 'സീറോ ലാന്റ് ലെസ്സ് ' പദ്ധതി പ്രകാരം പതിച്ച നൽകിയിട്ടുണ്ട്. |
| ശ്രീകൃഷ്ണപുരം 1 & 2 | 5.13 | |
| തൃത്താല | 0.37 | |
| വല്ലപ്പുഴ | 0.42 | 0.17 ഹെക്ടർ (0.4199 ഏക്കർ) സ്ഥലം ഏറ്റെടുത്തെങ്കിലും 0.0496 ഹെക്ടർ (0.123 ഏക്കർ) സ്ഥലം റോഡായി കിടക്കുന്നു |
| ലക്കിടി പേരൂർ-2 | 1.35 | |

ഒറ്റപ്പാലം താലൂക്ക് ലാന്റ് ബോർഡിന്റെ സി.സി.17/73 നമ്പർ നടപടിക്രമം പ്രകാരം ലക്കിടി പേരൂർ -2 വില്ലേജിൽ നിന്നും 0.0688 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ ഉത്തരവായതിൽ 0.0162 ഹെക്ടർ സ്ഥലം അന്യകൈവശത്തോടുകൂടി ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുക്കാൻ ബാക്കിയുള്ള 0.0526 ഹെക്ടർ സ്ഥലത്തേക്ക് പ്രവേശിക്കാൻ വഴിയില്ലാത്തതുമാണ്.